>> മുഖക്കുറിപ്പ്

# ആഗോള സാമ്പത്തിക പ്രതിസന്ധി

**ഏതാനും** മാസം മുമ്പ് പൊട്ടിപ്പുറപ്പെട്ട ആഗോള സാമ്പത്തിക പ്രതിസന്ധി പെട്ടെന്നൊന്നും മാറുന്ന ലക്ഷണമില്ല. 2009 ദുരിതവർഷമായിരിക്കുമെന്ന് യു.എൻ സെക്രട്ടറി ജനറൽ ബാൻകിമൂൺ മുന്നറിയിപ്പു നൽകിയിരിക്കുന്നു.

ആഗോള സാമ്പത്തിക കുഴപ്പം ഇന്ത്യയെ കാര്യമായി ബാധിക്കില്ലെന്നായിരുന്നു ആദ്യഘട്ടത്തിൽ നമ്മുടെ ഗവൺമെന്റിന്റെ നിലപാട്. അതൊരു വ്യാമോഹമായിരുന്നുവെന്ന് തുടർന്നുള്ള നാളുകൾ തെളിയിച്ചു. നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്ക് കഴിഞ്ഞ വർഷത്തെ 9 ശതമാനത്തിൽനിന്ന് ഈ വർഷം 7 ശതമാനത്തിലേക്ക് താണിരിക്കുന്നു. ഇന്ത്യയിലും മാന്ദ്യം ആദ്യം പിടികൂടിയത് റിയൽ എസ്റ്റേറ്റ് സംരംഭങ്ങളെയാണ്. പല പ്രമുഖ കമ്പനികളും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ല. നേരത്തെ ഏറ്റെടുത്ത പ്രോജക്ടുകളിൽ തന്നെ ചിലതിന്റെ പ്രവർത്തനം മരവിപ്പിച്ചിരിക്കുന്നു. ചില കമ്പനികൾ ജീവനക്കാരെ പിരിച്ചുവിടുക, അവധിയിലയക്കുക, വേതനം വെട്ടിക്കുറക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചു തുടങ്ങി. പ്രമുഖ നിർമാണ കമ്പനിയായ ഒമെക്സ് അവരുടെ ജീവനക്കാരിൽ 7 ശതമാനം കുറക്കുകയാണെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. മറ്റൊരു വൻകിട കമ്പനിയായ ഡി.എൽ.എഫ് ജീവനക്കാരെ കുറക്കുന്നതോടൊപ്പം അവശേഷിക്കുന്നവരിൽ പതിനായിരത്തിനു മീതെ വേതനം പറ്റുന്നവരുടെ വേതനത്തിൽ 20 ശതമാനം വെട്ടിക്കുറക്കാനും തീരുമാനിച്ചിരിക്കുകയാണ്. മാന്ദ്യം കേരളത്തെയും ഗുരുതരമായി ബാധിക്കുമെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് തയാറാക്കിയ പഠനറിപ്പോർട്ട് ഗവൺമെന്റിനു മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. കയർ, കശുവണ്ടി, കൈത്തറി, മത്സ്യം എന്നിവയുടെ കയറ്റുമതി 20-25 ശതമാനം കണ്ട് കുറയും. 50000-ൽ അധികം പേർക്ക് തൊഴിൽ നഷ്ടപ്പെടും. ഗൾഫു രാജ്യങ്ങളിൽ റിയൽ എസ്റ്റേറ്റ് വ്യവസായ രംഗത്തുണ്ടായ പ്രതിസന്ധി ഇന്ത്യയിൽ നിന്നുള്ള നിർമാണത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചു തുടങ്ങിയതായാണ് റിപ്പോർട്ട്. ഇതെല്ലാം പ്രശ്നത്തിന്റെ തുടക്കം മാത്രമാണ്. അതിന്റെ പരിണതി പ്രവചനാതീതമാകുന്നു.

ആഗോള മുതലാളിത്തം ഇതിനു മുമ്പും തകർച്ചയെ അഭിമുഖീകരിച്ചിട്ടുണ്ട്. ലാഭക്കൊതിയിലും അറ്റമില്ലാത്ത ആർത്തിയിലും വ്യക്തി സ്വാർഥതയിലും അധിഷ്ഠിതമായ മുതലാളിത്ത രീതി ഇടക്കിടെ ഇത്തരം പ്രതിസന്ധികളെ അഭിമുഖീകരിക്കുക അനിവാര്യമാകുന്നു. മൃഗീയമായ ഉപഭോഗ തൃഷ്ണയുടെയും നിർദയമായ സ്വാർഥതയുടെയും നിഷ്ഠുരമായ ചൂഷണത്തിന്റെയും സ്വാഭാവിക ഫലമാണത്. ദൈവത്തെയും ദൈവികമാർഗദർശനത്തെയും നിരാകരിച്ച് ലാഭത്തെയും ഭോഗത്തെയും ദൈവങ്ങളാക്കി ആരാധിക്കുന്നവർക്ക് അതിൽനിന്ന് രക്ഷപ്പെടാനാവില്ല.

സാമ്പത്തികലോകം അഭിമുഖീകരിക്കുന്ന ഈ മഹാദുരന്തത്തിന് മുസ്‌ലിം സമുദായവും ഉത്തരവാദികളാണ്. സമ്പത്തിന്റെ യഥാർഥ ഉടമയായ അല്ലാഹുവിന്റെ നിർദേശങ്ങളെ ആധാരമാക്കി നൈതിക-ധാർമിക മൂല്യങ്ങളിലൂന്നിയ ചൂഷണമുക്തവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതുമായ ഒരു സമ്പദ്ഘടന സൃഷ്ടിച്ച് ലോകത്തിന് മാതൃകയാകാൻ ചുമതലപ്പെട്ടവരാണ് മുസ്‌ലിംകൾ. നൂറ്റാണ്ടുകളായി അവർ ഈ ദൗത്യം വിസ്മരിച്ചിരിക്കുകയായിരുന്നു. അതാണ് നാസ്തികവും കേവല ഭൗതികവുമായ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ ലോകത്തുടനീളം നടപ്പിലാക്കപ്പെടാൻ അവസരമൊരുക്കിയത്. കഴിഞ്ഞ 200 വർഷമായി ആഫ്രോ-ഏഷ്യൻ-ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെ ചൂഷണം ചെയ്തു വൻശക്തികളായി താണ്ഡവമാടുകയാണ് മുതലാളിത്ത സാമ്രാജ്യത്വം. ശാക്തിക രാഷ്ട്രങ്ങൾ സമൃദ്ധിയുടെ സ്വർഗങ്ങളും ദുർബല രാഷ്ട്രങ്ങൾ പട്ടിണിയുടെ നരകങ്ങളുമായി പരിണമിച്ചു എന്നതാണതിന്റെ ഫലം.

ക്രൂരമായ മുതലാളിത്ത ക്രമത്തിന്റെ പ്രതിപ്രവർത്തനമായിരുന്നു കമ്യൂണിസം. അധ്വാനിക്കുന്നവരിലും അവശവിഭാഗങ്ങളിലും വലിയ പ്രതീക്ഷയുണർത്തിക്കൊണ്ടാണത് ഉയർന്നുവന്നത്. പക്ഷേ, നാസ്തികതയും ധാർമിക മൂല്യങ്ങളുടെ നിഷേധവും മൂലം കമ്യൂണിസത്തിന്റെയും പ്രയോഗവൽക്കരണം നീതിരഹിതവും പ്രകൃതിവിരുദ്ധവുമായ അസംബന്ധമായി കലാശിച്ചു. 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ കമ്യൂണിസത്തിൽനിന്ന് അതിന്റെ ആത്മാവായ സ്ഥിതിസമത്വം ചോർന്നു പോവുകയും മുതലാളിത്തത്തിന്റെ ദുരാത്മാവു തന്നെ ആ ജഡത്തെയും ആവേശിക്കുകയും ചെയ്തു. മുതലാളിത്തത്തിന്റെ തലസ്ഥാനമായ അമേരിക്കയുടെ സാമ്പത്തിക തകർച്ച ഏറ്റവും വലിയ കമ്യൂണിസ്റ്റു രാജ്യമായ ചൈനയും പങ്കിടേണ്ടി വരുന്നത് അതുകൊണ്ടാണ്.

സാമൂഹിക നീതിയിലും പ്രകൃതിയോടുള്ള സമരസത്തിലും അധിഷ്ഠിതമാണ് ഇസ്‌ലാമിക സാമ്പത്തിക ക്രമം. ലാഭത്തെക്കാൾ അത് ലക്ഷ്യമാക്കുന്നത് ബഹുജനക്ഷേമമാണ്. മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ കേന്ദ്ര ഘടകമായ പലിശയെ ഇസ്‌ലാം സമ്പൂർണമായി നിരോധിക്കുന്നു. "അല്ലാഹു പലിശ നിരോധിക്കുന്നു, കച്ചവടം അനുവദിക്കുന്നു", "പലിശയെ നശിപ്പിക്കുന്നു, ദാനധർമത്തെ വളർത്തുന്നു" എന്നാണ് ഖുർആൻ സിദ്ധാന്തിക്കുന്നത്. പലിശയിലധിഷ്ഠിതമായ സാമ്പത്തിക ക്രമം പ്രകൃതി വിരുദ്ധവും നാശോന്മുഖവുമാണെന്നും സത്യസന്ധമായ വ്യാപാരത്തിലും ദാനധർമങ്ങളിലും അധിഷ്ഠിതമായ സഹകരണാത്മക ക്രമമാണ് പ്രകൃതിപരവും വികസ്വരവുമായ സാമ്പത്തിക പ്രവർത്തനമെന്നുമാണ് ഇതിനർഥം. മൂലധനത്തെ പ്രത്യുൽപാദന സംരംഭങ്ങളിൽ ഏർപ്പെടുത്താൻ ഇസ്‌ലാം പ്രേരിപ്പിക്കുന്നു. ലാഭനഷ്ട പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിലുള്ള സംഘടിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ സാമ്പത്തിക ഘടനയും അതിന്റെ പ്രവർത്തനവും നിശ്ചയിക്കാൻ പണത്തിനും പണക്കാർക്കും അനിയന്ത്രിതമായ അധികാരം നൽകുന്നില്ല. പണത്തെ യഥാർഥത്തിൽ പ്രവർത്തിപ്പിക്കുന്ന പണമില്ലാത്തവരുടെ ചെലവിൽ, പണത്തിന്റെ ഉടമസ്ഥതകൊണ്ടുമാത്രം കൂടുതൽ പണമുണ്ടാക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഒന്നും നിർമിക്കുകയോ ഉടമപ്പെടുത്തുകയോ ചെയ്യാതെ സങ്കൽപങ്ങൾ ക്രയവിക്രയം ചെയ്യുന്ന ഊഹക്കച്ചവടക്കാരുടെ കരങ്ങളിൽ സാമ്പത്തിക പ്രവർത്തനത്തിന്റെ കടിഞ്ഞാൺ ഏൽപിച്ചുകൊടുക്കുന്നുമില്ല.

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ആരോഗ്യകരവും നൈതികവുമായ സാമ്പത്തിക സംവിധാനം അന്വേഷിക്കുന്ന ലോകപ്രശസ്ത സാമ്പത്തിക വിദഗ്ധരിൽ പലരും ഇസ്‌ലാമിക സാമ്പത്തിക ക്രമത്തിലേക്കാണിപ്പോൾ ഉറ്റുനോക്കുന്നത്. ഇസ്‌ലാമിക സാമ്പത്തിക ക്രമത്തെ പ്രായോഗികമായി പ്രതിനിധാനം ചെയ്യാൻ മുന്നോട്ടു വന്നുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാനും മാർഗദർശനം ചെയ്യാനും മുസ്‌ലിം സമുദായം, അവരുടെ രാഷ്ട്രങ്ങൾ സന്നദ്ധമാണോ എന്ന ചോദ്യം ഈ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. ■